രാഷ്ട്രദീപിക

01 May 2026

# മത്തിയുടെ ലഭ്യതയിൽ 13 ശതമാനം വർധന; ഏറ്റവും കൂടുതൽ മീൻ ലഭിച്ചത് എറണാകുളത്തുനിന്ന്

സ്വന്തം ലേഖിക

കൊച്ചി: സംസ്ഥാനത്ത് മത്തിയുടെ ലഭ്യതയിൽ 13 ശതമാനം വർധനയെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനറിപ്പോർട്ട്. കഴിഞ്ഞ പതിറ്റാണ്ടിനിടയിലെ ഉയർന്ന ലഭ്യതയാണിത്. 1.68 ലക്ഷം ടണ്ണുമായി സംസ്ഥാനത്ത് ഏറ്റവുമധികം പിടിച്ച മത്സ്യവും മത്തിയാണ്. 2013ന് ശേഷമുള്ള ഏറ്റവും വലിയ ലഭ്യതയാണിത്. കഴിഞ്ഞ വർഷം 1.49 ലക്ഷം ടണ്ണായിരുന്നു. കേരളത്തിലെ ആകെ സമുദ്രമത്സ്യ ലഭ്യത 6.24 ലക്ഷം ടണ്ണാണ്. മത്തിക്കുപുറമെ കിളിമീൻ, കണവ, കൂന്തൽ, നീരാളി ഇനങ്ങളുടെ ലഭ്യതയിലും വർധനയുണ്ടായി. എന്നാൽ തിരിയാൻ, ചെമ്മീൻ, പാമ്പാട എന്നിവ കുറഞ്ഞു. മത്തി കഴിഞ്ഞാൽ അയില (62,269 ടൺ), കൊഴുവ (43,917 ടൺ), കിളിമീൻ (43,184 ടൺ), ചെമ്മീൻ (40,443 ടൺ) എന്നിവയാണു സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യയിനങ്ങൾ.

ശക്തമായ മഴയും ചരക്കുകപ്പൽ അപകടവും കാരണം മേയ്, ജൂൺ മാസങ്ങളിൽ തെക്കൻ ജില്ലകളിൽ മത്സ്യബന്ധന ദിവസത്തിൽ കുറവുണ്ടായി. സംസ്ഥാനത്ത് എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ മീൻ ലഭിച്ചത്. കൊല്ലം, കോഴിക്കോട് ജില്ലകളാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലുള്ളത്. ഹാർബറുകളിൽ കൊല്ലം ജില്ലയിലെ നീണ്ടകരയാണ് മുന്നിൽ.

എറണാകുളം ജില്ലയിലെ മുനമ്പം രണ്ടാമതാണ്. അനുകൂലമായ പാരിസ്ഥിതിക ഘടകങ്ങളാണു മത്തിപോലുള്ള ചെറിയ മീനുകൾക്ക് ഗുണകരമായതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. നിയന്ത്രിത രീതിയിലുള്ള മത്സ്യബന്ധനവും സഹായകമായെന്നും അദ്ദേഹം പറഞ്ഞു.



കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽനിന്നു പിടിച്ചത് 35.7 ലക്ഷം ടൺ മത്സ്യമാണെന്നാണ് സിഎംഎഫ്ആർഐയുടെ പഠനറിപ്പോർട്ടിലുള്ളത്. മുൻ വർഷത്തേക്കാൾ രാജ്യത്തു മൂന്ന് ശതമാനത്തിന്റെ വർധനയുണ്ടായി. ഏറ്റവുമധികം മത്സ്യം പിടിച്ചത് തമിഴ്നാടാണ്. 6.85 ലക്ഷം ടൺ. പ്രതികൂല കാലാവസ്ഥയും മത്സ്യബന്ധന നിരോധന കാലയളവ് നീട്ടിയതിനാലും ഗുജറാത്ത് രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. രണ്ടു ശതമാനം വർധനയോടെ കേരളം മൂന്നാം സ്ഥാനം നിലനിർത്തി. കേരളത്തിലേതു 6.24 ലക്ഷം ടണ്ണാണ്.

രാജ്യത്താകെ അയിലയാണ് ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം (2.70 ലക്ഷം ടൺ). സമുദ്ര മത്സ്യോത്പാദനത്തിൽ കർണാടകയിൽ 44 ശതമാനവും മഹാരാഷ്ട്രയിൽ 18 ശതമാനവും വർധന രേഖപ്പെടുത്തി.

സമുദ്രമത്സ്യ മേഖലയിൽനിന്നുള്ള വരുമാനത്തിലും വർധനയുണ്ടായി. രാജ്യത്താകെ ലാൻഡിംഗ് സെന്ററുകളിൽ 69,254 കോടി രൂപയും (10.45 ശതമാനം വർധന) ചില്ലറ വിപണിയിൽ 97,702 കോടി രൂപയും (8.43 ശതമാനം വർധന) വിറ്റുവരവുണ്ടായി.

കേരളത്തിൽ ലാൻഡിംഗ് സെന്ററുകളിലെ മൂല്യം 12,665 കോടി രൂപയും (17.8 ശതമാനം വർധന), ചില്ലറ വിപണിയിലേതു 16,681 (11.1 ശതമാനം വർധന) കോടി രൂപയുമാണ്. വിപണന കാര്യക്ഷമതയിൽ കേരളം രാജ്യത്ത് ഒന്നാമതാണ് (72.83 ശതമാനം).